## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2478 18.02.2016 -ലെ മറുപടിക്ക്.

### ക്ഷേമ നിധി പെൻഷനുകൾ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.എളമരം കരീം:** | **ശ്രീ. ഷിബു ബേബി ജോൺ**<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) ക്ഷേമ നിധി പെൻഷനുകൾ വിതരണം ചെയ്യുന്നതിൽ ഉണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) വിവിധ പെൻഷനുകൾ എത്ര മാസങ്ങളായി കുടിശ്ശികയായിട്ടുണ്ടെന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) കർഷകത്തൊഴിലാളി പെൻഷൻ, അസംഘടിത തൊഴിലാളി പെൻഷൻ, മരംകയറ്റത്തൊഴിലാളി പെൻഷൻ എന്നിവയാണ് തൊഴിൽ വകുപ്പ് നേരിട്ട് വിതരണം നടത്തുന്ന പെൻഷനുകൾ. 2015 ഡിസംബർ വരെയുള്ള കർഷകത്തൊഴിലാളി പെൻഷൻ പഞ്ചായത്ത് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് വിതരണത്തിനായി നിക്ഷേപിച്ചിട്ടുണ്ട്. ജനുവരി 2016-ലെ കർഷകത്തൊഴിലാളി പെൻഷൻ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. വിതരണം നടത്തുന്നതിനുള്ള നടപടിക്രമം നടന്നുവരുന്നു. 2015 മാർച്ച് വരെയുള്ള അസംഘടിത തൊഴിലാളി പെൻഷൻ ജില്ലാ ലേബർ ഓഫീസർമാർക്ക് വിതരണത്തിനായി നൽകിയിട്ടുണ്ട്. 2015 ഏപ്രിൽ മുതൽ നാളിതു വരെയുള്ള അസംഘടിത തൊഴിലാളി പെൻഷൻ |

കുടിശ്ശികയാണ്. 2015 സെപ്റ്റംബർ വരെയുള്ള മരംകയറ്റത്തൊഴിലാളി പെൻഷൻ വിതരണം ചെയ്തിട്ടുള്ളതും അവശേഷിക്കുന്ന പെൻഷൻ അനുവദിച്ച് ഉത്തരവായിട്ടുള്ളതും വിതരണ ത്തിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്.

കേരള കശുവണ്ടിത്തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്, കൈത്തറിത്തൊഴിലാളി ക്ഷേമനിധി ബോർഡ്, തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, ബീഡി-സിഗാർ തൊഴിലാളി ക്ഷേമനിധി, സിഗാർ തൊഴിലാളി കളുടെ പെൻഷൻ, കേരള ഈറ്റ, തഴ, കാട്ടുവള്ളി തൊഴിലാളി പദ്ധതി, ബാർബർ ബ്യൂട്ടീഷൻസ് തൊഴിലാളി ക്ഷേമ പദ്ധതി, കേരള അലക്കു തൊഴിലാളി ക്ഷേമ പദ്ധതി,എന്നിവയിൽ ആഗസ്റ്റ് 2015 മുതൽ പെൻഷൻ കുടിശ്ശികയാണ്. ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ് സ്കാറ്റേർഡ് വിഭാഗത്തിന് മാർച്ച് 2014 മുതൽ പെൻഷൻ കുടിശ്ശികയുണ്ട്.

(സി) പെൻഷനുകൾ കൃത്യമായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

Deepa
സെക്ഷൻ ഓഫീസർ